**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 947** 24-02-2022 - ല്‍ മറുപടിയ്ക്ക്

**കായല്‍/കനാലില്‍ നിന്നും ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എന്‍.കെ. അക്ബര്‍ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂര്‍ മണ്ഡലത്തില്‍ ഏതെല്ലാം പ്രദേശങ്ങളില്‍ കായല്‍/കനാലില്‍ നിന്നും ഉപ്പുവെള്ളം കയറുന്നത് മൂലം ജനങ്ങള്‍ ദുരിതത്തിലായിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | ഗുരുവായൂര്‍ മണ്ഡലത്തിലെ കടപ്പുറം, ചാവക്കാട്, പുന്നയൂര്‍, ഒരുമനയൂര്‍, പുന്നയൂര്‍ക്കുളം എന്നീ പഞ്ചായത്തുകള്‍ ഉള്‍പ്പെടുന്ന പ്രദേശങ്ങളില്‍ ഉപ്പുവെള്ളം കയറിയതുമൂലം ജനങ്ങള്‍ ദുരിതത്തിലാവുകയും എങ്ങണ്ടിയൂര്‍ പഞ്ചായത്തില്‍ മീനകടവ് മുതല്‍ മണപ്പാട് പാലം വരെയുള്ള ഭാഗങ്ങളില്‍ വ്യാപക കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തില്‍ ഏതെല്ലാം പ്രദേശങ്ങളിലാണ് നിലവില്‍ കായല്‍/കനാലിന്റെ പാര്‍ശ്വഭിത്തി സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ; | (ബി) | കടപ്പുറം പഞ്ചായത്തില്‍ ചേറ്റുവ പുഴയില്‍ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായുള്ള പ്രവൃത്തികള്‍ 6, 7, 8 വാര്‍ഡുകളില്‍ നടന്നു കൊണ്ടിരിക്കുന്നു. കടപ്പുറം, ഒരുമനയൂര്‍ പഞ്ചായത്തുകളില്‍ മീന്‍കടവിനടുത്തും, മനപ്പാടും, മുട്ടകായലിനടുത്തും സംരക്ഷണഭിത്തി നിര്‍മ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകള്‍ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്. |
| (സി) | ഉപ്പുവെള്ളം കയറുന്നതുമൂലം വീടുകള്‍ക്കും കൃഷിക്കും നാശനഷ്ടം സംഭവിക്കുന്നവര്‍ക്ക് എന്തെല്ലാം നഷ്ടപരിഹാരമാണ് നല്‍കുന്നതെന്ന വിവരം ലഭ്യമാക്കാമോ? | (സി) | ഉപ്പ് വെള്ളം കയറി വീടുകള്‍ക്കും കൃഷിക്കും നാശനഷ്ടം സംഭവിക്കുന്നത് ദേശീയ/ സംസ്ഥാനതല അംഗീകൃത ദുരന്തങ്ങളില്‍ ഉള്‍പ്പെടുത്തിയിട്ടില്ലാത്തിനാല്‍ നാശനഷ്ട ങ്ങള്‍ക്ക് നഷ്ടപരിഹാരം നല്‍കുന്നില്ല. |

സെക്ഷന്‍ ഓഫീസര്‍